**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **86** — 03.02.2020 ൽ മറുപടിക്ക്

## ഡിജിറ്റൽ സാക്ഷരതാ പരിപാടി

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ.കെ.യു. അരുണൻ :** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| ഡിജിറ്റൽ എംപവർമെന്റ് ക്യാമ്പെയിൻ്റെ (ഡിജിറ്റൽ സാക്ഷരതാ പരിപാടി) നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | ഡിജിറ്റൽ സാങ്കേതിക വിദ്യകളിൽ അവബോധം നൽകിക്കൊണ്ട് ഇന്റർനെറ്റ്, ഇ-ഗവേണൻസ് സേവനങ്ങൾ, ഇ-കൊമേഴ്സ് എന്നിവ ഉപയോഗിക്കുന്നതിൽ പൗരന്മാരെ ശാക്തീകരിക്കുകയെന്ന ലക്ഷ്യത്തോടെ കേരള സ്റ്റേറ്റ് ഐ ടി മിഷൻ മുഖേന നടപ്പിലാക്കുന്ന ഒരു സംരംഭമാണ് ഡിജിറ്റൽ എംപവർമെന്റ് ക്യാമ്പെയ്ൻ.<br>പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കി. ഇതിനായി തിരുവനന്തപുരം ജില്ലയിലെ ഗ്രാമ പ്രദേശങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത 10 സ്കൂളുകളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് ടാബ്‌ലറ്റുകൾ നൽകുകയും തിരുവനന്തപുരം ജില്ലയിലെ 4000 ത്തോളം പേരെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സഹായത്തോടെ ഇ-സാക്ഷരരാക്കുകയുമുണ്ടായി.<br>പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ പദ്ധതി വിജയകരമായി പൂർത്തിയായതിനെത്തുടർന്ന് സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, എൻ.സി.സി കേഡറ്റുകൾ, എൻ.എസ്.എസ്. വളണ്ടിയർമാർ തുടങ്ങിയവരുടെ സേവനം ഉപയോഗപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റികളുടെയും |

| | |
|---|---|
| | സഹകരണത്തോടെ സംസ്ഥാനതലത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകുകയുണ്ടായി.<br>പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഐ.ടി മിഷൻ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**